# കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക്


**ക്ലിപ്തം നമ്പർ ഡി. 2022,**
**കൊമ്മേരി പി. ഒ. ,കോഴിക്കോട് - 673 007**
e-mail: kommeriscb@gmail.com, website: www.kommeriscb.com

**മെയിൻ ബ്രാഞ്ച് : മേത്തോട്ട്താഴം ഫോൺ: 0495 2356219, 2352360**
**മാങ്കാവ് ബ്രാഞ്ച് : 2330630, 2330830 കിണാശ്ശേരി ബ്രാഞ്ച് : 2333360, 2333340**


## വാർഷിക പൊതുയോഗം

**29 - 12 - 2019 ഞായറാഴ്ച രാവിലെ 10 മണിക്ക്**
**ഭരണറിപ്പോർട്ടും വരവ് - ചിലവ് കണക്കും**

# കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക്

ക്ലിപ്തം നമ്പർ ഡി. 2022, കൊമ്മേരി പി.ഒ., ഹെഡ് ഓഫീസ്
മേത്തോട്ട്താഴം ഫോൺ: 0495 2356219, കോഴിക്കോട് – 673 007

## പൊതുയോഗ അറിയിപ്പ്

മാന്യ മെമ്പർമാരെ,

കൊമ്മേരി സർവീസ് സഹകരണ ബേങ്കിലെ എ ക്ലാസ് മെമ്പർമാരുടെ വാർഷിക പൊതുയോഗം 2019 ഡിസംബർ 29-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് കൊമ്മേരി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് വർക്ക്ഷോപ്പ് ഹാളിൽ വെച്ച് ചേരുന്നതാണ്. പൊതുയോഗത്തിൽ പങ്കെടുക്കുവാൻ എല്ലാ മാന്യ മെമ്പർമാരോടും അഭ്യർത്ഥിക്കുന്നു.

കൽപനപ്രകാരം

കൊമ്മേരി — സെക്രട്ടറി
11-12-2019 — ഒപ്പ്

**<u>അജണ്ട</u>**

1. സ്വാഗത പ്രസംഗം
2. അദ്ധ്യക്ഷ പ്രസംഗം
3. മുൻ പൊതുയോഗത്തിന്റെ മിനുട്ട്സ് വായിച്ച് റിക്കാർഡാക്കൽ
4. 31.03.2019 വരെയുള്ള പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും.
5. 2018 - 19 വർഷത്തെ ഓഡിറ്റ് ന്യൂനതാ സംഗ്രഹം
6. ബൈലോ ഭേദഗതി
7. 2018 - 19 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്
8. 2020 - 21 വർഷത്തെ മതിപ്പ് ബഡ്ജറ്റ്
9. 2018-19 വർഷത്തെ ലാഭ വിഭജനം
10. അംഗങ്ങളുടെ ചോദ്യങ്ങളും പ്രമേയങ്ങളും
11. പ്രസിഡണ്ട് അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ
12. നന്ദി പ്രകടനം

## കുറിപ്പ്

1. ചോദ്യങ്ങളും പ്രമേയങ്ങളും ഉണ്ടെങ്കിൽ 26-12-2019 ന് ഉച്ചക്ക് 1 മണിക്ക് മുൻപായി സെക്രട്ടറിക്ക് ലഭിക്കേണ്ടതാണ്. 2. പൊതുയോഗത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിന്റെയും വരവ് ചിലവ് കണക്കിന്റെയും ബൈലോ ഭേദഗതിയുടേയും വിശദ വിവരം ബേങ്കിന്റെ ഹെഡ് ഓഫീസിലേയും മാങ്കാവ് കിണാശ്ശേരി ശാഖകളിലേയും കോഴിക്കോട് താലൂക്ക് സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ ഓഫീസിലേയും കോഴിക്കോട് താലൂക്ക് സഹകരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലേയും വളയനാട് വില്ലേജ് ഓഫീസിലേയും കോഴിക്കോട് കോർപ്പറേഷനിലേയും കോഴിക്കോട് ജില്ലാ സഹകരണ ബേങ്കിന്റെ കിണാശ്ശേരി ശാഖയിലേയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കുന്നതും ഓഫീസ് സമയങ്ങളിൽ അംഗങ്ങൾക്ക് പരിശോധിക്കാവുന്നതുമാണ്. 3. പൊതുയോഗത്തിൽ പങ്കെടുക്കുവാൻ വരുന്ന മെമ്പർമാർ ബേങ്ക് നൽകിയ തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തിരിച്ചറിയൽ കാർഡ് കൈപ്പറ്റാത്ത അംഗങ്ങൾ അംഗത്വ നമ്പറും ഗവൺമെന്റ് നൽകിയ ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ കാർഡും നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

## ഭരണ റിപ്പോർട്ട്

ക്ലിപ്തം നമ്പർ ഡി 2022 കൊമ്മേരി സർവീസ് സഹകരണ ബേങ്കിന്റെ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാനെത്തിയ അംഗങ്ങളെ ഭരണസമിതിക്കു വേണ്ടി ഹാർദ്ദമായി അഭിവാദ്യം ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിനും അംഗീകാരത്തിനും വേണ്ടി 2018-19 വർഷത്തെ ഭരണ റിപ്പോർട്ടും വരവ് ചെലവ് കണക്കും സമർപ്പിച്ചുകൊള്ളുന്നു.

## അംഗങ്ങൾ

2018-19 വർഷത്തിൽ ആണ്ടവസാനം 7830 "എ" ക്ലാസ് അംഗങ്ങളും ഒരു "ബി" ക്ലാസ് അംഗവും 2889 "സി" ക്ലാസ് അംഗങ്ങളും 4729 "ഡി" ക്ലാസ് അംഗങ്ങളും ഉൾപ്പടെ 15449 പേർ ഓഹരി ഉടമകളായിട്ടുണ്ട്. തൻവർഷം 122 "എ" ക്ലാസ് അംഗത്വവും 28 "ബി" ക്ലാസ് അംഗത്വവും 422 "ഡി" ക്ലാസ് അംഗത്വവും പുതിയതായി അനുവദിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിലെ അംഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ഇനം | 2017-18 | 2018-19 | വർദ്ധനവ് |
|---|---|---|---|
| "എ" ക്ലാസ് | 7719 | 7830 | 111 |
| "ബി" ക്ലാസ് | 1 | 1 | 0 |
| "സി" ക്ലാസ് | 2861 | 2889 | 28 |
| "ഡി" ക്ലാസ് | 4315 | 4729 | 414 |
| ആകെ | 14896 | 15449 | 553 |

## മൂലധനം

2018-19 വർഷത്തിൽ "എ" ക്ലാസ് ഓഹരി ഇനത്തിൽ 91,53,905 രൂപയും "ബി" ക്ലാസ് ഓഹരി ഇനത്തിൽ 1,80,000 രൂപയും "സി" ക്ലാസ് ഓഹരി ഇനത്തിൽ 11,717 രൂപയും "ഡി" ക്ലാസ് ഓഹരി ഇനത്തിൽ 1,06,22,785 രൂപയും ചേർന്ന് ആണ്ടവസാനം 19968407 രൂപയാണ് ഓഹരി മൂലധനം. തൻവർഷം ഓഹരി മൂലധനത്തിൽ 15,08,465 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2017-18 | 2018-19 | | 2018-19 | വർദ്ധനവ് |
|---|---|---|---|---|---|
| | ബാക്കിനിൽപ്പ് | വരവ് | ചിലവ് | ബാക്കിനിൽപ്പ് | |
| "എ" ക്ലാസ് | 8750530.00 | 597600.00 | 194225.00 | 9153905.00 | 403375.00 |
| "ബി" ക്ലാസ് | 210000.00 | 0.00 | 30000.00 | 180000.00 | -30000.00 |
| "സി" ക്ലാസ് | 11577.00 | 140.00 | 0.00 | 11717.00 | 140.00 |
| "ഡി" ക്ലാസ് | 9487835.00 | 1472200.00 | 337250.00 | 10622785.00 | 1134950.00 |
| ആകെ | **18459942.00** | **2069940.00** | **561475.00** | **19968407.00** | **1508465.00** |

## പ്രവർത്തന മൂലധനം

**തൻവർഷം പ്രവർത്തന മൂലധനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.**

| 2017 - 18 | 2018 - 19 | വർദ്ധനവ് |
|---|---|---|
| **81,46,77,464.56** | **95,18,20,356.22** | **13,71,42,891.70** |

## നിക്ഷേപങ്ങൾ

സേവിങ്ങ്സ് ബേങ്ക് അക്കൗണ്ട് നിക്ഷേപം, സ്ഥിര നിക്ഷേപം, നിത്യനിധി നിക്ഷേപം, റക്കറിങ്ങ് നിക്ഷേപം എന്നിവയാണ് ബേങ്ക് സ്വീകരിക്കുന്ന പ്രധാന നിക്ഷേപങ്ങൾ, 2018 - 19 വർഷത്തിൽ ഭരണ സമിതി അംഗങ്ങളുടേയും ജീവനക്കാരുടെയും സഹകാരികളുടേയും സംയുക്തമായ പ്രവർത്തനത്തിലൂടെ പ്രതികൂല സാഹചര്യത്തിലും ബേങ്കിന് മികച്ച നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നത് അഭിമാനാർഹമാണ്. ബേങ്കുമായി സഹകരിച്ച മുഴുവൻ നിക്ഷേപകരോടും നന്ദി രേഖപ്പെടുത്തുന്നു. 2018 - 19 വർഷത്തിൽ നിക്ഷേപ വരവിൽ 2017 - 18 വർഷത്തേക്കാൾ 38,01,14,329.93 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വർഷാവസാനം 15,76,39,210.94 രൂപയുടെ അറ്റ വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | 2017 - 18 വരവ് | 2018 - 19 വരവ് | വർദ്ധനവ് |
|---|---|---|---|
| സേവിങ്ങ്സ് ബേങ്ക് നിക്ഷേപം | 1029766257.32 | 1267465565.25 | 237699307.93 |
| സ്ഥിര നിക്ഷേപം | 657362443.00 | 786280460.00 | 128918017.00 |
| നിത്യനിധി നിക്ഷേപം | 40299382.00 | 50488682.00 | 10189300.00 |
| റക്കറിങ്ങ് നിക്ഷേപം | 2924550.00 | 2126550.00 | -798000.00 |
| കേഷ് സർട്ടിഫിക്കറ്റ് | 28485813.00 | 32591518.00 | 4105705.00 |
| ആകെ | **1758838445.32** | **2138952775.25** | **380114329.93** |

| ഇനം | 2017 - 18 | 2018 - 19 | | 2018 - 19 | വർദ്ധനവ് |
|---|---|---|---|---|---|
| | ബാക്കിനിൽപ് | വരവ് | ചിലവ് | ബാക്കിനിൽപ് | |
| എസ്. ബി. നിക്ഷേപം | 77216304.50 | 1267465565.25 | 1248797043.10 | 95884826.44 | 18668521.94 |
| സ്ഥിര നിക്ഷേപം | 632324291.90 | 786280460.00 | 649121582.00 | 769483169.90 | 137158878.00 |
| നിത്യനിധി നിക്ഷേപം | 15518608.96 | 50488682.00 | 48481643.00 | 17525647.96 | 2007039.00 |
| റക്കറിങ്ങ് നിക്ഷേപം | 2981505.00 | 2126550.00 | 2859700.00 | 2248355.00 | 733150.00 |
| കേഷ് സർട്ടിഫിക്കറ്റ് | 30432130.00 | 32591518.00 | 32053596.00 | 30970052.00 | 537922.00 |
| ത്രിഫ്റ്റ് നിക്ഷേപം | 2736.00 | 0.00 | 0.00 | 2736.00 | 0.00 |
| ആകെ | **758475576.36** | **21389527775.25** | **1981413564.31** | **916114787.30** | **157639210.94** |

## വായ്പകൾ

അംഗങ്ങളുടെ വിവിധയിനം ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി 12 മാസം മുതൽ 120 മാസം വരെ തവണകൾ പ്രകാരം ഇരുപത് ലക്ഷം രൂപവരെ ഒരു അംഗത്തിന് പരമാവധി വായ്പ നൽകുന്നുണ്ട്. പ്രധാനമായും അംഗങ്ങൾക്ക് നൽകി വരുന്ന വായ്പകൾ സ്വത്ത് പണയത്തിലുള്ള കാർഷികേതര വായ്പ, ഹയർ പർച്ചേഴ്സ് വായ്പ, വാഹന വായ്പ വീട് നിർമ്മാണ വായ്പ, വീട് റിപ്പയർ വായ്പ, കുടുംബശ്രീ അംഗങ്ങൾക്കുള്ള വ്യക്തിഗത വായ്പ, മഹിളാ മിത്ര വായ്പ, വസ്തു വാങ്ങുന്നതിനുള്ള വായ്പ, സ്വർണ്ണ പണയ വായ്പ, കർഷക മിത്ര സ്വർണ്ണ പണയ വായ്പ, കാർഷിക സ്വർണ്ണ പണയ വായ്പ, ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം വായ്പ, മംഗല്യസൂത്ര വായ്പ എന്നിവയാണ്. കുടുംബശ്രീകൾക്ക് ലിങ്കേജ് വായ്പ പത്ത് ലക്ഷംരൂപ വരെയും കേരള പുനരുദ്ധാരണ വായ്പ പത്ത് ലക്ഷം രൂപവരെയും നൽകുന്നുണ്ട്. കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് 200000 രൂപവരെയും കുടുംബശ്രീ അംഗങ്ങളുടെ ഗ്രൂപ്പുകൾക്ക് 500000 രൂപവരെയും ജില്ലാ മിഷന്റെ ശുപാർശ പ്രകാരം വായ്പ നൽകുന്നുണ്ട്. സ്വാശ്രയ സംഘ ങ്ങൾക്ക് അഞ്ച് ലക്ഷം രൂപ അംഗങ്ങളുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി വായ്പ നല്കുന്നുണ്ട്. 2018 - 19 വർഷ ത്തിൽ 548638298.00 രൂപയുടെ വായ്പ നൽകിയിട്ടുണ്ട്. മുൻവർഷം നൽകിയ വായ്പയേക്കാൾ 54869948.00 രൂപ അധികമായി വായ്പ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2017 - 18 വർഷം വായ്പ ബാക്കി നിൽപ് 703500852.40രൂപ ആയിരുന്നത് തൻവർഷം ആണ്ടവസാന ബാക്കിനിൽപ് 769787433.90 രൂപയായി വർദ്ധിച്ചത് അഭിമാനാർഹമായ നേട്ട മാണ്. വായ്പ ബാക്കിനിൽപിൽ 66286581 രൂപയുടെ അറ്റവർദ്ധനവ് കൈവരിച്ചിട്ടുണ്ട്.

## കൺസോർഷ്യം വായ്പകൾ

കേരള സർക്കാറിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നതിന്റെ ഭാഗമായി യു.എൽ.സി.സി.എ സ്സിന് (ULCCS) 140000000 രൂപ വായ്പ നൽകിയിട്ടുണ്ട്. കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി

സർക്കാറിന്റെ സാമൂഹ്യക്ഷേമ നടപടികൾക്ക് കരുത്ത് പകരുന്നതിന്റെ ഭാഗമായി 40000000 രൂപ പാക്സ് കൺസോർഷ്യത്തിലൂടെ സർക്കാരിന് വായ്പ നൽകിയിട്ടുണ്ട്. ഈ വായ്പയുടെ പലിശ പ്രതിമാസം കൃത്യമായി ലഭിക്കുന്നുണ്ട്. റിപ്പോർട്ട് വർഷം നൽകിയിട്ടുള്ള വായ്പയുടെ പട്ടിക താഴെ ചേർത്തിരിക്കുന്നു.

| വായ്പ | വിതരണം ചെയ്ത വായ്പകൾ | | വർദ്ധനവ് |
|---|---|---|---|
| | 2017 - 18 | 2018 - 19 | |
| കാർഷിക വായ്പ | 400000.00 | 390000.00 | 10000.00 |
| സ്വർണ്ണ പണയയ കാർഷിക വായ്പ | 4548080.00 | 5117029.00 | 568949.00 |
| കർഷകമിത്ര സ്വർണ്ണ പണയവായ്പ | 95381898.00 | 76863328.00 | 18518570 |
| സ്വർണ്ണപണയ വായ്പ | 74267178.00 | 104038849.00 | 29771671.00 |
| മദ്ധ്യകാല കാർഷികേതര വായ്പ | 154306426.00 | 198697000.00 | 44390574.00 |
| ഭവന നിർമ്മാണ വായ്പ | 22145000.00 | 23384000.00 | 1239000.00 |
| വസ്തു വാങ്ങുന്നതിന് വായ്പ | 1450000.00 | 700000.00 | 750000.00 |
| ജാമ്യ വായ്പ | 7513000.00 | 4101000.00 | 3412000.00 |
| ഹയർ പർചേഴ്സ് വായ്പ | 325000.00 | 4370500.00 | 4045500.00 |
| കേഷ് ക്രഡിറ്റ് വായ്പ | 17500576.00 | 11687631.00 | 5812945.00 |
| വാഹന വായ്പ | 150000.00 | 400000.00 | 250000.00 |
| ഗ്രൂപ്പ് ഡെപ്പോസിറ്റ് വായ്പ | 5863449.00 | 2329700.00 | 3533749.00 |
| കുടുംബശ്രീ ലിങ്കേജ് വായ്പ | 16480000.00 | 14340000.00 | 2140000.00 |
| കേരള പുനരുദ്ധാരണ വായ്പ | 0.00 | 1300000.00 | 1300000.00 |
| സ്വയം തൊഴിൽ വായ്പ | 400000.00 | 780000.00 | 380000.00 |
| കുടുംബശ്രീ മെമ്പർമാരുടെ വ്യക്തിഗത വായ്പ | 12674000.00 | 14238457.00 | 1564457.00 |
| (ULCCS) കൺസോർഷ്യം വായ്പ | 64860500.00 | 27500000.00 | 37360500.00 |
| (S.S.P) കൺസോർഷ്യം വായ്പ | 0.00 | 40000000.00 | 40000000.00 |
| നിക്ഷേപ വായപകൾ | 15503243.00 | 18400804.00 | 2897561.00 |
| ആകെ | 493768350.00 | 548638298.00 | 54869948.00 |

## കുടിശ്ശിക

അംഗങ്ങൾക്ക് നല്കുന്ന വായ്പകളിൽ തിരിച്ചടവിലുണ്ടാകുന്ന കുടിശ്ശിക ബേങ്കിന്റെ ഭാവി വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയിലാണ്. കൂടാതെ കുടിശ്ശിക വർദ്ധനവ് അംഗങ്ങളെ കടക്കെണിയിലാക്കുന്നതുമാണ്. വായ്പയിലെ കുടിശ്ശിക ദൗർഭാഗ്യവശാൽ വായ്പ എടുത്ത അംഗം വായ്പ കാലയളവിൽ മരണപ്പെടുകയാണെങ്കിൽ റിസ്ക്ക് ഫണ്ടിൽ നിന്നും ലഭിക്കുന്ന 150000 രൂപയുടെ ആനുകൂല്യം നഷ്ടമാകുന്നതിനും തദ്വാരകുടുംബം കടക്കെണിയിലകപ്പെടുന്നതിനും കാരണമാകുന്നതാണ്. തൻവർഷം 41 അംഗങ്ങൾക്കെതിരായി ബഹുമാനപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ അവർകളുടെ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസുകൾ ഫയൽ ചെയ്തതിൽ 9 കേസുകളിൽ വായ്പാ കണക്ക് തീർന്നിട്ടുണ്ട്. ബേങ്കിന് അനുകൂലമായി വിധി ലഭിച്ചിട്ടുള്ള 98 കേസുകളിൽ ജപ്തി നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. 2017-18 വർഷം വായ്പ കുടിശ്ശിക 20.5% ആയിരുന്നത് പ്രതികൂലമായ സാഹചര്യത്തിലും തൻവർഷം 16.91 ശതമാനമായി കുറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മാന്യ അംഗങ്ങൾ വായ്പ തിരിച്ചടവ് ഉറപ്പ് വരുത്തി ബേങ്കുമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

## നവകേരളീയം കുടിശ്ശിക നിവാരണം

കേരള സർക്കാരിന്റെ തീരുമാന പ്രകാരം സഹകരണ നവകേരളീയം കുടിശ്ശിക നിവാരണം അദാലത്തുകൾ നല്ല രീതിയിൽ പ്രചരണം നടത്തിക്കൊണ്ട് നടത്തിയിരുന്നു. 2018 ഡിസംബർ മുതൽ 2019 മാർച്ച് വരെ കാലാവധിയുണ്ടായിരുന്ന അദാലത്തിൽ ആകർഷകമായ ഇളവുകൾ കുടിശ്ശിക വായ്പ തീർക്കുന്നവർക്ക് ലഭിച്ചിരുന്നു. തൻവർഷം 22.03 ലക്ഷം രൂപയുടെ ഇളവുകൾ അനുവദിച്ചിട്ടുണ്ട്. അദാലത്തിലൂടെ 5.55 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കുടിശ്ശികക്കാരായ അംഗങ്ങൾ ഇത്തരം അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വായ്പാ ബാദ്ധ്യതയിൽ നന്നും മറ്റ് നിയമ നടപടികളിൽ നിന്നും ഒഴിവാകുന്നതിന് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ബ്രാഞ്ചുകൾ

ബേങ്കിന്റെ ഹെഡ് ഓഫീസ് ബിൽഡിങ്ങിന്റെ ഒന്നാം നിലയിൽ മെയിൻ ബ്രാഞ്ച് പ്രവർത്തിക്കുന്നു. മാങ്കാവ് ബൈപ്പാസിലുള്ള ഫാത്തിമാ ആർകേഡിൽ മാങ്കാവ് ബ്രാഞ്ചും കുളങ്ങരപീടികയിലുള്ള വി.എം. കെ. ബിൽഡിങ്ങിൽ കിണാശ്ശേരി ബ്രാഞ്ചും പ്രവർത്തിക്കുന്നു. ബ്രാഞ്ചുകൽ കോർ ബേങ്കിങ്ങിലാണ് പ്രവർത്തിക്കുന്നത്. ബ്രാഞ്ചുകളുടെ പ്രവർത്തനം ഇടപാടുകളുടെ വർദ്ധനവിന് സഹായിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷം ബ്രാഞ്ചുകളിലെ നിക്ഷേപ സമാഹരണത്തിന്റെയും വായ്പാ വിതരണത്തിന്റെയും പട്ടിക താഴെ ചേർത്തിരിക്കുന്നു

**പട്ടിക 1**

| ബ്രാഞ്ചുകളിൽ 2018-19 സമാഹരിച്ച നിക്ഷേപം | | | |
|---|---|---|---|
| ഇനം | മെയിൻ | മാങ്കാവ് | കിണാശേരി |
| സേവിങ്ങ്സ് ബേങ്ക് നിക്ഷേപം | 722444805.80 | 343580564.95 | 201440194.50 |
| സ്ഥിര നിക്ഷേപം | 428028846.00 | 279341843.00 | 78909771.00 |
| നിത്യനിധി നിക്ഷേപം | 26584965.00 | 15871282.00 | 8032435.00 |
| റക്കറിങ്ങ് നിക്ഷേപം | 665100.00 | 1002200.00 | 459250.00 |
| കേഷ് സർട്ടിഫിക്കറ്റ് | 19637865.00 | 5168217.00 | 7785436.00 |
| ആകെ | **1197361581.80** | **644964106.95** | **296627086.50** |

**പട്ടിക 2**

| ബ്രാഞ്ചുകളിൽ 2018 – 19 വിതരണം ചെയ്ത വായ്പകൾ | | | |
|---|---|---|---|
| ഇനം | മെയിൻ | മാങ്കാവ് | കിണാശേരി |
| കാർഷിക വായ്പ | 340000.00 | 50000.00 | 0.00 |
| സ്വർണ്ണ പണയയ കാർഷിക വായ്പ | 4330654.00 | 312375.00 | 474000.00 |
| കർഷകമിത്ര സ്വർണ്ണ പണയവായ്പ | 41098359.00 | 16164193.00 | 19600776.00 |
| സ്വർണ്ണപണയ വായ്പ | 50600063.00 | 19176298.00 | 34262488.00 |
| മദ്ധ്യകാല കാർഷികേതര വായ്പ | 126061000.00 | 33231000.00 | 39405000.00 |
| ഭവന നിർമ്മാണ് വായ്പ | 20384000.00 | 3000000.00 | 0.00 |
| വസ്തു വാങ്ങുന്നതിന് വായ്പ | 700000.00 | 0.00 | 0.00 |
| ജാമ്യ വായ്പ | 1791000.00 | 1210000.00 | 1100000.00 |
| ഹയർ പർചേഴ്സ് വായ്പ | 2758500.00 | 803000.00 | 809000.00 |
| കേഷ് ക്രഡിറ്റ് വായ്പ | 8974736.00 | 1731857.00 | 981038.00 |
| വാഹന വായ്പ | 350000.00 | 0.00 | 50000.00 |
| ഗ്രൂപ്പ് ഡെപ്പോസിറ്റ് വായ്പ | 476000.00 | 1673700.00 | 180000.00 |
| കുടുംബശ്രീ ലിങ്കേജ് വായ്പ | 8920000.00 | 3420000.00 | 2000000.00 |
| കേരള പുനരുദ്ധാരണ വായ്പ | 0.00 | 1300000.00 | 0.00 |
| സ്വയം തൊഴിൽ വായ്പ | 780000.00 | 0.00 | 0.00 |
| കുടുംബശ്രീ മെമ്പർമാരുടെ വ്യക്തിഗത വായ്പ | 4823457.00 | 5425000.00 | 3990000.00 |
| (ULCCS) കൺസോർഷ്യം വായ്പ | 27500000.00 | 0.00 | 0.00 |
| (S.S.P) കൺസോർഷ്യം വായ്പ | 40000000.00 | 0.00 | 0.00 |
| നിക്ഷേപ വായപകൾ | 9298094.00 | 5556921.00 | 3545789.00 |
| ആകെ | **349185863.00** | **93054344.00** | **106398091.00** |

# ബേങ്കിങ്ങ് ഇതരപ്രവർത്തനങ്ങൾ

## ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീമുകൾ

അംഗങ്ങളുടെ മുൻകൂട്ടി കാണാവുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനും ആദായകരമായ പ്രതിമാസ സമ്പാദ്യ പദ്ധതിയായും അംഗങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന മികച്ച ഒരു ഉൽപന്നമാണ്. ജി.ഡി.എസ്. എന്നറിയപ്പെ ടുന്ന ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീമുകൾ. 100000 രൂപ മുതൽ 1000000 രൂപ വരെയുള്ള ജി.ഡി.എസ്സുകൾ ബേങ്ക് നടത്തുന്നുണ്ട്. പ്രതിമാസ തവണകൾ 2500 രൂപ മുതൽ 20000 രൂപവരെയാണ്. 25, 40, 50 മാസ കാലാവധിയിലാണ് ജി.ഡി.എസ്സുകൾ ആരംഭിക്കാറുള്ളത്. ആകർഷകമായ ഈ പദ്ധതികളിൽ ചേരുന്നതിന് മാന്യ അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു. ആകർഷകമായ പ്രോത്സാഹന സമ്മാനങ്ങൾ ജി. ഡി.എസ്സ് അംഗ ങ്ങൾക്ക് നൽകുന്നതാണ്. 2019 മാർച്ച് 31ന് ബ്രാഞ്ചുകളിൽ നിലവിലുള്ള ജി.ഡി.എസ്സ് ഗ്രൂപ്പുകളുടെ എണ്ണം താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ജി.ഡി.എസ്സ് | മെയിൻ | മാങ്കാവ് | കിണാശേരി | ആകെ |
|---|---|---|---|---|
| 1000000 | 1 | 1 | 1 | 3 |
| 500000 | 4 | 1 | 1 | 6 |
| 200000 | 1 | 1 | 1 | 3 |
| 100000 | 2 | 3 | 2 | 7 |
| ആകെ | 8 | 6 | 5 | 19 |

## നീതി സ്റ്റോർ, മേത്തോട്ട് താഴം

മേത്തോട്ട്താഴത്ത് കൊളക്കാടൻ ബിൽഡിങ്ങിൽ പ്രവർത്തിക്കുന്നു. നീതി സ്റ്റോറിന്റെ പ്രവർത്തനം പൊതു മാർക്ക റ്റിലെ വില നിലവാരത്തെ സ്വാധീനിക്കുന്നുണ്ട്. എന്നാൽ സ്റ്റോറിൽ കച്ചവടം വേണ്ടത്രയില്ല. അംഗങ്ങളും ഇടപാടു കാരും സ്റ്റോറിൽ നിന്ന് തങ്ങൾക്ക് ആവശ്യമുള്ള നിത്യോപയോഗ സാധനങ്ങളിൽ ഒരു പങ്ക് വാങ്ങുകയാണെങ്കിൽ കൂടുതൽ സാധനങ്ങൾ മൊത്ത വിലക്ക് വാങ്ങുന്നതിനും ലഭിക്കുന്ന ലാഭത്തിന്റെ പങ്ക് വിലക്കുറവിലൂടെ ഇടപാടു കാർക്ക് അനുവദിക്കുന്നതിനും കഴിയുന്നതാണ്. 2018-2019 വർഷം 2126768 രൂപയുടെ സാധനങ്ങൾ വാങ്ങു കയും 2046181 രൂപയുടെ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. ഒരു ജീവനക്കാരിയാണ് സ്റ്റോറിലുള്ളത്. പ്രവർത്തന സമയം രാവിലെ 9.30 മുതൽ വൈകുന്നേരം 6 മണിവരെയാണ്.

## നീതി സൂപ്പർ മാർക്കറ്റ് & നീതി മെഡിക്കൽസ്, കുളങ്ങരപീടിക

2018 ആഗസ്റ്റ് 13 ന് ബഹുമാനപ്പെട്ട കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രൻ അവർകൾ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രസിഡന്റ് വി. മധുസൂദനൻ നായർ അദ്ധ്യക്ഷം വഹിച്ചു. കിണാശ്ശേരിയുടെയും പരിസര പ്രദേശങ്ങളിലേയും താമസക്കാർക്ക് വളരെയധികം പ്രയോജനകരമായ രണ്ട് സ്ഥാപനങ്ങൾ ഒരു ദിവസം തന്നെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞത് അഭിമാനാർഹമാണ്. നീതി മെഡിക്കൽസിൽ 10 ശതമാനം മുതൽ 40 ശതമാനം വരെ ഡിസ്ക്കൗണ്ട് അനുവദിക്കുന്നത് രോഗികൾക്കും കുടുംബാംഗങ്ങൾക്കും വളരെയധികം ആശ്വാസധായകമാണ്. നീതി സൂപ്പർ മാർക്കറ്റിൽ പൊതു മാർക്കറ്റിൽ നിന്നും കുറഞ്ഞ വിലയിലാണ് സാധനങ്ങൾ വിൽപന നടത്തുന്നത്. രാവിലെ 9.30 മുതൽ രാത്രി 9 മണിവരെയാണ് പ്രവർത്തന സമയം. നീതി സൂപ്പർ മാർക്കറ്റിലും മെഡിക്കൽസിലും 3 വീതം ജീവനക്കാരുണ്ട്. റിപ്പോർട്ട് വർഷത്തിൽ നീതി സൂപ്പർ മാർക്കറ്റിൽ 2475932 രൂപയുടെ സാധനങ്ങൾ വാങ്ങുകയും 2595173 രൂപയുടെ സാധനങ്ങൾ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. നീതി മെഡിക്കൽസിൽ 3199375 രൂപയുടെ സാധനങ്ങൾ വാങ്ങുകയും 2898142 രൂപയുടെ സാധനങ്ങൾ വിൽപന നടത്തുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങൾ ലാഭകരമായി നടത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ഭരണസമിതി ചെയ്യുന്നുണ്ട്.

### ഓണചന്ത

2019 വർഷത്തെ ഓണ വിപണിയിൽ ഫലപ്രദമായി ഇടപെടണമെന്ന കേരള സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായി രണ്ട് ചന്തകൾ അനുവദിച്ചു കിട്ടിയത് മേത്തോട്ട്താഴം കുളങ്ങപീടിക എന്നിവിടങ്ങിൽ നടത്തി. അത്തം മുതൽ ഉത്രാടം വരെ 10 ദിവസങ്ങളിലായി ഓരോ ചന്തയിൽ നിന്നും ഒരുദിവസം 75 പേർക്ക് വീതം 1500 പേർക്ക് 756 രൂപയുടെ കിറ്റ് വില്പന നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിതരണം നടത്തിയ മുഴുവൻ കിറ്റുകളിലും 11 ഇനം സബ്സിഡി സാധനങ്ങൾ ഉണ്ടായിരുന്നു. കിറ്റ് വിൽപന നടത്തിയത് മൂലം സാധനങ്ങൾ വാങ്ങാൻ എത്തിയവർക്ക് സൗകര്യപ്രദവും ഗവൺമെന്റ് നൽകിയ ആനുകൂല്യത്തിന്റെ ഫലപ്രദമായ വിതരണത്തിനും സാധിച്ചു. ഓണചന്ത നടത്തുന്നതിൽ സഹകരിച്ച മാന്യ സഹകാര്യകൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

| ഓണചന്ത 2019 വ്യാപാര കണക്ക് | | | |
|---|---|---|---|
| സാധനങ്ങൾ വാങ്ങിയത് | | വിൽപന നടത്തിയത് | |
| കൺസ്യൂമർ ഫെഡ് | 982369.80 | കൺസ്യൂമർ ഫെഡ് | 1041331.00 |
| ഓപ്പൺ മാർക്കറ്റ് | 94500.00 | ഓപ്പൺ മാർക്കറ്റ് | 103500.00 |
| ആകെ | 1076869.80 | ആകെ | 1144831.00 |
| ചിലവ് | 69890.00 | നഷ്ടം | 1928.00 |
| ആകെ | 1146759.80 | ആകെ | 1146759.80 |

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

2018 വർഷത്തിലെ മഹാപ്രളയത്തിൽ തകർന്ന കേരളത്തെ പുനർ നിർമ്മിക്കുന്നതിൽ സഹകരണ മേഖല സ്തുത്യർഹമായ നിലയിലാണ് ഇടപെട്ടത്. 2000 വീടുകളാണ് കെയർ ഹോം പദ്ധതി പ്രകാരം സഹകരണ വകുപ്പ് നിർമ്മിച്ചു നൽകുന്നത്. മുൻ പൊതുയോഗ തീരുമാനപ്രകാരം മെമ്പർമാരുടെ ലാഭവിഹിതമായ 253721 രൂപയും 18100 രൂപ ഭരണസമിതി അംഗങ്ങളുടെ വിഹിതമായും കെയർ ഹോമിലേക്ക് സംഭാവന ചെയ്തു. ജില്ലാ സഹകരണ ബേങ്കിൽ നിന്ന് ലഭിച്ച ലാഭവിഹിതത്തിൽ നിന്ന് 385000 രൂപയും ജീവനക്കാരുടെ സാലറി ചാലഞ്ചിലൂടെ 332000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്തിട്ടുണ്ട്. കേരള പുനർ നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് ബേങ്ക് 1488821 രൂപ സമാഹരിച്ചു. നൽകിയിട്ടുണ്ട്. സഹകരിച്ച സഹകാരികളോടും ജീവനക്കാരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

2019 ലെ പ്രളയത്തിൽ വില്ലേജിലെ 2000 ത്തിലധികം വീടുകളിൽ വെള്ളം കയറുന്ന അവസ്ഥയുണ്ടായി. അഞ്ച് ദുരിതാശ്വാസ കേമ്പുകൾ വില്ലേജിൽ പ്രവർത്തിച്ചിരുന്നു. വീടുകളിൽ വെള്ളം കയറിയതിന്റെ ഫലമായി ദുരിതാശ്വാസ കേമ്പുകളിലേക്കോ ബന്ധു വീടുകളിലേക്കോ താമസം മാറ്റിയവർക്ക് 1400 ദുരിതാശ്വാസ കിറ്റുകൾ ബേങ്കിന്റെ ആഭിമുഖ്യത്തിൽ വിതരണംചെയ്തു. 545259 രൂപ ഇതിനുവേണ്ടി ചിലവഴിക്കേണ്ടിവന്നു. ദുരിതബാധിതർക്ക് വളണ്ടിയർമാരുടെ സഹായത്തോടെ അവരുടെ വീടിനടുത്തുള്ള സ്ഥലങ്ങളിൽ കിറ്റുകൾ എത്തിച്ചു നൽകി. പ്രളയ ദുരിതാശ്വാസ കിറ്റുകൾ തയ്യാറാക്കുന്നതിലും വിതരണം ചെയ്യുന്നതിലും സഹായിച്ച സഹകാരികളോടും വളണ്ടിയർമാരോടും ജീവനക്കാരോടും നന്ദി രേഖപ്പെടുത്തുന്നു.

## വിദ്യാഭ്യാസ അവാർഡു ദാനവും വൃക്ഷതൈ വിതരണവും

എസ്. എസ്. എൽ. സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന ബേങ്ക് മെമ്പർമാരുടെ മക്കൾക്കും പ്രവർത്തന പരിധിയിലുള്ള ഗവൺമെന്റ് സ്കൂളുകളായ ആഴ്ചവട്ടം കിണാശ്ശേരി എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും 2014 വർഷം മുതൽ ബേങ്ക് കേഷ് അവാർഡും മെമന്റോയും നൽകി അനുമോദിക്കാറുണ്ട്. ആഴ്ചവട്ടം സ്കൂളിൽ വെച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ 2019 വർഷത്തെ വിജയികൾക്ക് ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബാബു പറശേരി അവാർഡുകൾ വിതരണം ചെയ്തു. 1500 രൂപയുടെ കേഷ് അവാർഡ് ആണ് നൽകിയത്. എസ്.എസ്.എൽ.സി വിജയികളായ 19 വിദ്യാർത്ഥികളും പ്ലസ് ടു വിജയികളായ 20 വിദ്യാർത്ഥികളും അവാർഡ് സ്വീകരിച്ചു.

പരിസ്ഥിതി ദിനത്തിന്റെ ഭാഗമായുള്ള വൃക്ഷതൈ വിതരണവും അവാർഡ് ദാന ചടങ്ങിനോടനുബന്ധിച്ച് നടത്തിയിരുന്നു. വൃക്ഷതൈ വിതരണം പ്രൊഫസർ ടി. ശോഭീന്ദ്രൻ സാർ നിർവ്വഹിച്ചു. ഹരിതം സഹകരണം പദ്ധതിയുടെ ഭാഗമായി 100 കശുമാവിൻ തൈകൾ വിതരണം ചെയ്തു. കോഴിക്കോട് കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. എം. സി. അനിൽകുമാർ പ്രൊഫസർ ടി. ശോഭീന്ദ്രൻ സാറിനെ ചടങ്ങിൽ അനുമോദിച്ചു.

## സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നതിന് സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണത്തിന് ചുമതലപ്പെടുത്തുക വഴി സഹകരണ മേഖലക്ക് വലിയ

അംഗീകാരമാണ് നൽകിയത്. വാർദ്ധക്യ കാല പെൻഷൻ 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നീ അഞ്ച് ഇനം പെൻഷനുകൾ ആക്ഷേപങ്ങൾക്കിടയില്ലാതെ വിതരണം ചെയ്യുന്നതിന് സഹായിച്ച സഹകാരികളോടും ജീവനക്കാരോടും രാഷ്ട്രീയ കലാ സാംസ്കാരിക പ്രവർത്തകരോടും നന്ദി രേഖപ്പെടുത്തുന്നു. 2018 ഏപ്രിൽ മുതൽ 2019 മെയ് വരെ വിതരണം ചെയ്ത പെൻഷൻ പട്ടിക താഴെ ചേർത്തിരിക്കുന്നു.

| | **എണ്ണം** | **തുക** |
|---|---|---|
| വിഷു പെൻഷൻ 2018 | 2452 | 10961300.00 |
| ഓണ പെൻഷൻ 2018 | 2536 | 11090500.00 |
| ക്രിസ്തുമസ് പെൻഷൻ 2018 | 2862 | 12655400.00 |
| വിഷു പെൻഷൻ 2019 | 3013 | 16797500.00 |
| മെയ് ജൂലായ് 2019 | 3150 | 11283000.00 |
| ആകെ | **14013** | **62787700.00** |

### സാന്ത്വന ചികിത്സാ സഹായ പദ്ധതി

നിർദ്ധനരായ നിത്യരോഗികൾക്ക് പ്രതിമാസം 400 രൂപ വീതം ചികിത്സാ സഹായ പദ്ധതിയിൽ 52 പേർക്ക് ധനസ ഹായം നൽകിവരുന്നു. കൂടാതെ കേൻസർ പോലുള്ള മാരക രോഗങ്ങൾ ബാധിച്ചവർക്ക് പ്രത്യേക സഹായങ്ങളും നൽകുന്നുണ്ട്.

### ഭരണ സമിതി

2018-19 വർഷാരംഭത്തിൽ വി. മധുസൂദനൻ നായർ പ്രസിഡണ്ടും ടി.പി. ബാലകൃഷ്ണൻ, പി. കെ വിനോദ്, ശോഭന സി., എം.പി. രമണി, സി. റസീന ബാനു, പി.ടി. ഗോപാലൻ, ടി. ചന്ദ്രൻ, എൻ. അശോക് കുമാർ, എം. കെ.എം. കുട്ടി എന്നിവർ അംഗങ്ങളുമായുള്ള ഭരണസമിതിയാണ് നിലവിലുണ്ടായിരുന്നത്. ബേങ്കിന്റെ വൈസ് പ്രസിഡണ്ടായി രുന്ന എം. എൽ. ആന്റണി 2017 നവംബർ 6 ന് നിര്യാതനായി. 2018 ഡിസംബറിൽ ടി. പി. കോയമൊയ്തീൻ പ്രസി ഡണ്ടും പി. കെ. വിനോദ് വൈസ് പ്രസിഡണ്ടും , കെ. ജസ്വന്ത്കുമാർ, ഇ. കെ. തിലകരാജൻ, എ. ഷിബു., പി. അബ്ദുൾ റഷീദ്, പി. കെ. ശശിധരൻ, എം. കെ. എം. കുട്ടി, കെ. വി. ശ്രീജ, ടി. ഷിത, കെ. പ്രസന്ന എന്നിവർ അംഗങ്ങ ളുമായുള്ള പുതിയ ഭരണ സമിതി അധികാരത്തിൽ വന്നു. ബേങ്കിന്റെ പുരോഗതിക്കുവേണ്ടി ഭരണസമിതി ദൈനംദിനം പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. കൂടാതെ നിയമത്തിന്റെ പരിധിയിൽ നിന്ന് കൊണ്ട് ആധുനിക ബേങ്കിങ്ങ് സൗകര്യങ്ങൾ മാന്യ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വായ്പ കുടിശ്ശിക കുറച്ചു കൊണ്ടുവരുന്നതിനും നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്.

## ജീവനക്കാർ

ബേങ്കിൽ 20 ജീവനക്കാരാണ് ഉള്ളത്. 5 കലക്ഷൻ ഏജന്റുമാരുണ്ട്. നീതി സ്റ്റോറിൽ ഒന്നും നീതി സൂപ്പർ മാർക്കറ്റിലും നീതി മെഡിക്കൽസിലും 3 വീതവും ജീവനക്കാരുണ്ട്. ജീവനക്കാർ പൊതുവിൽ അംഗങ്ങൾക്കും ഇടപാടുകാർക്കും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നുണ്ട്.

## ഉപസംഹാരം

റിപ്പോർട്ട് വർഷത്തിൽ ബേങ്കിന് നിക്ഷേപ സമാഹരണത്തിലും വായ്പാ വിതരണത്തിലും പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പ്രധാന വെല്ലുവിളിയായ കുടിശ്ശിക പിരിവിലും വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നീതീ സ്റ്റോറിലും വിൽപന കൂടിയിട്ടുണ്ട്. കുളങ്ങര പീടികയിൽ ആരംഭിച്ച നീതി സൂപ്പർ മാർക്കറ്റ് & നീതി മെഡിക്കൽസ് പ്രധാന നേട്ടമാണ്. 201819 വർഷത്തെ ഓഡിറ്റ് കഴിഞ്ഞപ്പോൾ അറ്റലാഭം 3742524.80 രൂപയാണ്. നിയമാനുസൃത ലാഭവിഭജനത്തിനുശേഷം സംഘം ഉപനിയമ പ്രകാരം വിഭജിക്കേണ്ട ലാഭം 2572043.80 രൂപയാണ്. മാന്യ അംഗങ്ങൾക്ക് 9% ഡിവിഡന്റ് നൽകണമെന്നാണ് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്. പ്രതികൂലമായ സാഹചര്യത്തിലും മാന്യ അംഗങ്ങളുടെ സഹകരണം കൊണ്ടാണ് ബേങ്കിന് മികച്ച നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞത്. ബേങ്കിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹായിച്ച മാന്യ അംഗങ്ങളോടും ഇടപാടുകാരോടും ജീവനക്കാരോടും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരോടും ജില്ലാ ബേങ്ക് അധികാരികളോടും നന്ദിരേഖപ്പെടുത്തികൊണ്ട് ഈ റിപ്പോർട്ട് മാന്യ അംഗങ്ങളുടെ ചർച്ചക്കും അംഗീകാരത്തിനും സമർപ്പിച്ചുകൊള്ളുന്നു.

സഹകരണാഭിവാദനങ്ങളോടെ

പ്രസിഡണ്ട്
ടി.പി. കോയമൊയ്തീൻ

സെക്രട്ടറി
അജയകുമാർ എ.എം .

കേരള സ്റ്റേറ്റ് സഹകരണ ഡിപ്പാർട്ട്മെന്റ്

സഹകരണസംഘം ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടരാഫീസ്

സ്ഥലം കോഴിക്കോട്
തീയതി 17-08.2019

ശ്രീ/ശ്രീമതി ഗീതാനന്ദൻ .ജി

സഹകരണസംഘം അസിസ്റ്റന്റ് ഡയറക്ടർ ( ആഡിറ്റ്)

നമ്പർ FAR 18 /2018-19

# ആഡിറ്റ് സർട്ടിഫിക്കറ്റ്
## ( 2018-19 )

കോഴിക്കോട് ഡിസ്ട്രിക്റ്റിൽ കോഴിക്കോട് താലൂക്കിൽ കൊമ്മേരി ആസ്ഥാനമാക്കി 15.06.1974 ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 01.07.1974 ൽ പ്രവർത്തനം ആരംഭിക്കുകയും സഹകരണ ഡിപ്പാർട്ട്മെൻറിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ കൊമ്മേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 2022 ത്തിന്റെ 2018-19 -ാമാണ്ടത്തെ കണക്കുകൾ സഹകരണ സംഘം ആഡിറ്റർ ശ്രീമതി ലിൻസി പി.കെ ജൂനിയർ ഓഡിറ്റർ ആഡിറ്റ് ചെയ്ത പ്രകാരം പാസ്സാക്കിയിരിക്കുന്നു എന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഈ സർട്ടിഫിക്കറ്റും ഇതോടു ചേർത്തിരിക്കുന്ന പ്രത്യേക ശ്രദ്ധക്കുള്ള വിവരങ്ങൾ/നിർദ്ദേശങ്ങൾ, ന്യൂനതാ സംഗ്രഹം വരവു ചെലവു കണക്ക്, ലാഭ നഷ്ടക്കണക്ക്, ബാക്കിപത്രം എന്നിവ അടങ്ങിയ ആഡിറ്റ് മെമ്മോറാണ്ടവും അടുത്തു കൂടുന്ന പൊതുയോഗത്തിൽ സമർപ്പിക്കേണ്ടതും നിർദ്ദേശങ്ങളനുസരിച്ച് ആവശ്യമായ നടപടികൾ താമസംവിനാ സ്വീകരിച്ചും ന്യൂനതാ സംഗ്രഹപ്രകാരമുള്ള എല്ലാ ന്യൂനതകൾക്കും ഉടനടി പരിഹാരം കണ്ടും വിശദ വിവരം പൊതുയോഗ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും സഹകരണസംഘം ജനറൽ അസിസ്റ്റന്റ് റജിസ്ട്രാറെ രേഖാമൂലം അറിയിക്കേണ്ടതും ആണെന്ന് ഇതിനാൽ താൽപ്പര്യപ്പെടുന്നു.

(ഒപ്പ്)
സഹകരണസംഘം അസിസ്റ്റന്റ് ഡയറക്ടർ ( ആഡിറ്റ്)

OFFICE OF THE ASSISTANT DIRECTOR OF CO-OPERATIVE AUDIT ★ KOZHIKODE

ASSISTANT DIRECTOR OF
CO-OPERATIVE AUDIT
KOZHIKODE

# കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ ഡി. 2022

2018 2019- ാം മത്തെ വരവ് ചെലവ് കണക്ക്
(എ) വരവ്

| ക്രമ നമ്പർ | ഇനവിവരം | രൂപ |
|---|---|---|
| 1. | ഓഹരി മൂലധനം | 2,069,940.00 |
| 2. | നിക്ഷേപങ്ങൾ | 2,138,952,775.25 |
| 3. | വായ്പകൾ | 110,400,057.00 |
| 4. | അംഗങ്ങൾ തിരികെ ഒടുക്കിയ വായ്പകൾ | 482,351,716.50 |
| 5. | ടി- വായ്പകൾക്ക് ഈടാക്കിയ പലിശ | 88,249,387.50 |
| 6. | നിക്ഷേപകർക്കും ജില്ലാ ബാങ്കിൽ നിന്നുമുള്ള വായ്പകൾക്കും അധികമായി നൽകിയ പലിശ തിരികെ കിട്ടിയത്. | 125,858.00 |
| 7. | പലവക വരവുകൾ | 15,155,507.73 |
| 8. | സ്റ്റാഫ് പ്രോവിഡന്റ് നിക്ഷേപം | 578,245.00 |
| 9. | സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം | 400,000.00 |
| 10. | റിസർവ് ഫണ്ട് അഡ്ജസ്റ്റ്മെന്റ് (നേരിട്ടുള്ളത്) | 288,980.00 |
| 11. | ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ചത്. | 615,818,759.20 |
| 12. | ചിട്ടി (ജി. ഡി. എസ്) | 73,968,000.00 |
| 13. | അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ | 776,062,984.84 |
| 14. | അഡ്വാൻസുകൾ സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 472,261,522.04 |
| 15. | വ്യാപാര വരവ് | 38.00 |
| 16. | ഉടമസ്ഥൻ എന്ന നിലയിൽ ചരക്കുകൾ വിറ്റ വകയിൽ | 7,030,092.22 |
| 17. | വാങ്ങിയ ചരക്കുകൾ മടക്കി നൽകിയത് | 23,275.64 |
| 18. | അംഗങ്ങൾക്കുള്ള ലാഭവിഹിതം | 253,721.00 |
| 19. | സർക്കാരിലേക്കുള്ള ലാഭവിഹിതം | 7,119.00 |
| 20. | കെട്ടിട ഫണ്ട് | 70,558.58 |
| 21. | Debt Relief Fund | 21,394.33 |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | ആകെ | 4,784,089,931.83 |
| | മുന്നിരിപ്പ് | 3,100,084.00 |
| | ആകെ മൊത്തം | 4,787,190,015.83 |
| | | |

## ബി. ചെലവുകൾ

| ക്രമ നമ്പർ | ഇനവിവരം | രൂപ |
|---|---|---|
| 1. | ഓഹരി മൂലധനം | 561,475.00 |
| 2. | നിക്ഷേപങ്ങൾ | 1,981,313,564.31 |
| 3. | വായ്പകൾ | 105,791,300.00 |
| 4. | അംഗങ്ങൾക്ക് കൊടുത്ത വായ്പകൾ | 548,638,298.00 |
| 5. | കൊടുത്ത പലിശ | 69,510,285.00 |
| 6. | എസ്റ്റാബ്ലിഷ്മെന്റ് ചെലവും കണ്ടിജൻസി ചെലവും | 16,307,542.64 |
| 7. | വായ്പകൾക്ക് നൽകിയ പലിശയിളവ് | 3,522,792.00 |
| 8. | സ്റ്റാഫ് പ്രോവിഡന്റ് ഫണ്ടിലെ നിക്ഷേപം (തിരികെ കൊടുത്തത്) | 180,629.00 |
| 9. | സ്റ്റാഫ് സെക്യൂരിറ്റിയിലെ നിക്ഷേപം (തിരികെ കൊടുത്തത്) | 100,000.00 |
| 10. | കരുതൽ ധനം നിക്ഷേപിച്ചത് | 380,219.00 |
| 11. | വിദ്യാഭ്യാസ ഫണ്ട് അടവാക്കിയത് | 30,413.00 |
| 12. | പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് അടവാക്കിയത് | 30,413.00 |
| 13. | അംഗങ്ങളുടെ റിലീഫ് ഫണ്ട് | 60,826.00 |
| 14. | മറ്റു സ്ഥാപനങ്ങളിലെ ഷെയറുകളിൽ നിക്ഷേപിച്ചത്. | 5,000,000.00 |
| 15. | സ്ഥലം കെട്ടിടം, അകസാമാനങ്ങൾ എന്നിവ വാങ്ങിയത് | 391,153.54 |
| 16. | ബാങ്കുകളിൽ നിക്ഷേപിച്ചത് | 695,107,493.17 |
| 17. | ചിട്ടി (ജി. ഡി. എസ്) | 84,177,300.00 |
| 18. | അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ | 860,900,484.07 |
| 19. | അഡ്വാൻസുകൾ സംഘത്തിൽ നിന്നും കൊടുക്കേണ്ടവ | 400,305,354.56 |
| 20. | വിൽപനക്കുള്ള ചരക്ക് വാങ്ങിയ വകയിൽ | 7,802,076.10 |
| 21. | വ്യാപാര ചെലവ് | 795,863.37 |
| 22. | വിഭജിക്കാത്ത അറ്റലാഭം | 352,792.91 |
| 23. | അംഗങ്ങൾക്ക് ലാഭവിഹിതം കൊടുത്തത് | 372,966.00 |
| 24. | സർക്കാരിലേക്ക് ലാഭവിഹിതം കൊടുത്തത് | 7,119.00 |
| 25. | പൊതു നന്മാഫണ്ട് | 579,509.66 |
| 26. | ചാരിറ്റി ഫണ്ട് | 50,000.00 |
| 27. | എഡ്യൂക്കേഷണൽ ഡവലപ്പ്മെന്റ് ഫണ്ട് | 130,700.00 |
| 28. | വിറ്റ ചരക്ക് മടങ്ങി വന്നവ | 24,114.00 |
| | | |
| | ആകെ | 4,782,424,683.33 |
| | നീക്കിയിരിപ്പ് | 4,765,332.50 |
| | **ആകെ മൊത്തം** | **4,787,190,015.83** |

# കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ ഡി. 2022

2018 2019- ാം മത്തെ വ്യാപാര ലാഭനഷ്ടകണക്ക്
(എ) വ്യാപാര കണക്ക്

| ക്രമ നമ്പർ | ഇനവിവരം | | രൂപ | ക്രമ നമ്പർ | ഇനവിവരം | | രൂപ |
|---|---|---|---|---|---|---|---|
| 1. | മുന്നിരിപ്പ് ചരക്ക് | | 130,011.50 | 1. | വിറ്റ ചരക്ക് | 7030092.22 | |
| 2. | വാങ്ങിയ ചരക്ക് | 7802076.10 | | 2. | മടക്കി വാങ്ങിയവ | 24114.00 | 7,005,978.22 |
| 3. | മടക്കി കൊടുത്തവ | 23275.64 | | 3. | Trade Income | | 38.00 |
| | | | 7,778,800.46 | 4. | നീക്കിയിരിപ്പ് ചരക്ക് | | 1,491,419.55 |
| 4. | ചെലവുകൾ | | 795,863.37 | 5. | കുറവുള്ള ചരക്ക് | | 168,790.76 |
| 5. | | | | 6. | Damage Stock | | 24,688.95 |
| 6. | ആകെ | | 8,704,675.337. | 7. | ആകെ | | 8,690,915.48 |
| 7. | മൊത്തം ലാഭം (ലാഭനഷ്ടക്കണക്കിൽ കൊള്ളിക്കാനുള്ളത്) | | | 8. | മൊത്തം നഷ്ടം (ലാഭനഷ്ടക്കണക്കിൽ കൊള്ളിക്കാനുള്ളത്) | | 13,759.85 |
| 8. | ആകെ മൊത്തം | | 8,704,675.33 | 9. | ആകെ മൊത്തം | | 8,704,675.33 |

(ബി) ലാഭ നഷ്ടക്കണക്ക്

| ക്രമ നമ്പർ | നഷ്ടം | രൂപ | ക്രമ നമ്പർ | ഇനവിവരം | രൂപ |
|---|---|---|---|---|---|
| 1. | വ്യാപാരകണക്കുപ്രകാരം മൊത്തം നഷ്ടം | 13,759.85 | 1. | കിട്ടാനുള്ള പലിശ | 90,896,563.50 |
| 2. | കൊടുക്കാനുള്ള പലിശ | 71,391,752.23 | 2. | പലവക (നിക്ഷേപങ്ങൾക്ക് ലഭിച്ച പലിശ) | 8,679,433.00 |
| 3. | എസ്റ്റാബ്ലിഷ്മെന്റ് ചെലവ് | 5,644,576.00 | 3. | പലവക | 6,645,734.73 |
| 4. | കണ്ടിജൻസി ചെലവ് | 10,662,326.64 | 4. | മൂന്നാണ്ടത്തെ കുടിശ്ശിക പലിശക്കുള്ള കരുതൽ | 29,982,904.00 |
| 5. | തന്നാണ്ടത്തെ കുടിശ്ശിക പലിശക്കുള്ള കരുതൽ | 37,550,907.00 | 5. | | |
| 6. | തേയ്മാന ഫണ്ട് | 145,112.00 | 6. | | |
| 7. | കിട്ടാകടങ്ങൾക്കും സംശയാസ്പദ കടങ്ങൾക്കും | | 7. | | |
| | ഉള്ള കരുതൽ | 1,432,701.00 | | | |
| 8. | കുറവു കണ്ട ചരക്കുകൾക്കുള്ള കരുതൽ | 168,790.76 | 8. | | |
| 9. | കേടുവന്ന ചരക്കുകൾക്കുള്ള കരുതൽ | 24,688.95 | 9. | | |
| 10. | ജീവനക്കാരുടെ ഗ്രാറ്റുവിറ്റിക്കുള്ള കരുതൽ | 439,604.00 | 10. | | |
| 11. | ജീവനക്കാരുടെ ആർജിതാവധിക്കുള്ള കരുതൽ | 242,154.00 | 11. | | |
| 12. | Provision for damaged fixed asset | 287,946.00 | 12. | | |
| 13. | Reserve for GDS differnence | 935,000.00 | 13. | | |
| 14. | Interest Rebate | 3,522,792.00 | 14. | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | ആകെ | 132,462,110.43 | | ആകെ | 136,204,635.23 |
| | തന്നാണ്ടത്തെ ലാഭം | 3,742,524.80 | | തന്നാണ്ടത്തെ നഷ്ടം | |
| | ആകെ മൊത്തം | 136,204,635.23 | | ആകെ മൊത്തം | 136,204,635.23 |
| | തന്നാണ്ടത്തെ നഷ്ടം | | | തന്നാണ്ടത്തെ ലാഭം | 3,742,524.80 |
| | മുന്നാണ്ടത്തെ ലാഭനഷ്ടകണക്കു പ്രകാരമുള്ള അറ്റനഷ്ടം | | | | |
| | അറ്റ ലാഭം | 3,742,524.80 | | അറ്റ നഷ്ടം | |
| | ആകെ | 3,742,524.80 | | ആകെ | 3,742,524.80 |

# കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ ഡി. 2022

2019-ാമാണ്ട് മാർച്ച് മാസം 31-ാം തിയ്യതിയിലെ ബാക്കിപത്രം

| ആണ്ടാരംഭം | | മൂലധനവും കടങ്ങളും | ആണ്ടവസാനം | |
|---|---|---|---|---|
| ആകെ | ഉപ ഇനങ്ങൾക്കുള്ള തുക | | ഉപ ഇനങ്ങൾക്കുള്ള തുക | ആകെ |
| | | | | |
| | | **(എ) അധികൃത മൂലധനം** | | |
| | 10,000,000.00 | 25 രൂപ വീതം വിലയുള്ള 400.000 എ ഓഹരികൾ | 10,000,000.00 | |
| | 10,000,000.00 | 100 രൂപ വീതം വിലയുള്ള 100.000 ബി ഓഹരികൾ | 10,000,000.00 | |
| | 1,000,000.00 | 5 രൂപ വീതം വിലയുള്ള 200.000 സി ഓഹരികൾ | 1,000,000.00 | |
| 31,000,000.00 | 10,000,000.00 | 50 രൂപ വീതം വിലയുള്ള 200.000 ഡി ഓഹരികൾ | 10,000,000.00 | 31,000,000.00 |
| | | | | |
| | | | | |
| | | **(ബി) വാഗ്ദത്ത മൂലധനം** | | |
| | 8,750,530.00 | 25 രൂപ വീതം വിലയുള്ള 366,156 എ ഓഹരികൾ | 9,153,905.00 | |
| | 210,000.00 | 100 രൂപ വീതം വിലയുള്ള 1,800 ബി ഓഹരികൾ | 180,000.00 | |
| | 11,577.00 | 5 രൂപ വീതം വിലയുള്ള 3,071 സി ഓഹരികൾ | 11,717.00 | |
